**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.05.2018 ലെ OA 575/2018 നം. ഉത്തരവ് പാലിച്ച് കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ഡ്രൈവർ ഗ്രേഡ്- II (എൽ.ഡി.വി) തസ്തിക സൃഷ്ടിക്കണമെന്ന അനക്സർ എ 6 അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 2617/2018/തസ്വഭവ തീയതി,തിരുവനന്തപുരം, 11/10/2018**

---

പരാമർശം 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.05.2018 ലെ OA 575/2018 നം. ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 26.07.2018 ലെ ഇ 14-13512/2018 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.തോമസ് കൊച്ചുമ്മൻ, ശ്രീ.ഷഫീക്ക് എന്നിവർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 575/2018 ൽ ബഹു.ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച 30/05/2018 ലെ ഉത്തരവിൽ അപേക്ഷകരെ നേരിൽ കേട്ട് അനക്സർ എ 6 നിവേദനത്തിൻമേൽ 4 മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിന് നിർദേശിച്ചിരുന്നു. കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II (Cat.No.473/13) തസ്തികയിലെ നിയമനത്തിനായി പി.എസ്.സി യുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളാണ് അപേക്ഷകർ. ത്രിതല പഞ്ചായത്ത്, മോട്ടോർ വാഹന വകുപ്പ്, റവന്യൂ കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഡ്രൈവർ ഒഴിവ് നികത്തേണ്ട എല്ലാ വിവിധ സർക്കാർ വകുപ്പുകളിലും സർക്കാർ വക LDV വാഹനങ്ങൾ ഉള്ളതും ഭൂരിഭാഗം LDV വാഹനങ്ങളിലും ഡ്രൈവർ തസ്തിക താല്ക്കാലികക്കാർ കൈയ്യടക്കി വച്ചിരിക്കുകയാണെന്നും കൂടുതലായും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയിൽ ആണെന്നും വാഹനങ്ങൾ ഉണ്ടായിട്ടും തസ്തിക സൃഷ്ടിക്കാത്ത കൊല്ലം ജില്ലയിലെ ഡ്രൈവർ ഗ്രേഡ് 2 വുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലും (പ്രത്യേകിച്ചും തദ്ദേശസ്വയംഭരണ വകുപ്പിൽ) തസ്തിക സൃഷ്ടിച്ച് ഒഴിവുകൾ പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്യിക്കുന്നതിനും റിപ്പോർട്ട് ചെയ്യാത്ത ഒഴിവ് റിപ്പോർട്ട് ചെയ്യിക്കുന്നതിനും നടപടിയുണ്ടാകണമെന്നപേക്ഷിച്ച അപേക്ഷകർ സമർപ്പിച്ച നിവേദനമാണ് അനക്സർ എ 6.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം അപേക്ഷകരെ നേരിൽ കേട്ടു. ഹിയറിംഗ് വേളയിൽ അനക്സർ എ 6 നിവേദനത്തിലെ ആവശ്യങ്ങൾ ആവർത്തിക്കുകയും കൂടാതെ കൊല്ലം ജില്ലയിൽ 68 പഞ്ചായത്തുകൾ ഉള്ളതിൽ 9 പഞ്ചായത്തുകളിൽ മാത്രമാണ് ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുള്ളതെന്നും അവശേഷിക്കുന്ന 59 പഞ്ചായത്തുകളിൽ 8 പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ വാഹനങ്ങളും ഉള്ളതാണെന്നും

അപ്രകാരം കൊല്ലം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 67 ഡ്രൈവർ തസ്തിക സൃഷ്ടിക്കേണ്ടതാണ് എന്നും അപേക്ഷിച്ചു. കൊല്ലം ജില്ലയിൽ നിലവിൽ ആകെ 13 റഗുലർ ഡ്രൈവർ തസ്തികകളാണ് നിലവിലുള്ളത്(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്-1, ജില്ലാ പഞ്ചായത്ത് 3, ഗ്രാമപഞ്ചായത്തുകൾ-9). ആയതിൽ 4 ഒഴിവുകളാണ് നിലവിലുള്ളത്. പ്രസ്തുത 4 ഒഴിവുകളിൽ 2 ഒഴിവുകൾ എസ്.സി/എസ്.ടി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായും മറ്റ് 2 ഒഴിവുകൾ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ നിന്നും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും പി.എസ്.സിക്കു റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ലെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൊല്ലം ജില്ലയിലെ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം കഴിയുകയില്ല.

മേൽ സാഹചര്യത്തിൽ വാഹനങ്ങൾ ഉണ്ടായിട്ടും എൽ.ഡി.വി ഡ്രൈവർ തസ്തിക സൃഷ്ടിക്കാത്ത കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പിൽ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ്- II തസ്തിക സൃഷ്ടിക്കണമെന്ന അനക്സർ എ 6 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. തോമസ് കൊച്ചുമ്മൻ, ജിനു ഭവനം, മാനാമ്പുഴ. പി.ഒ, കടമ്പനാട് സൗത്ത്, കുന്നത്തൂർ - 691553

ശ്രീ. ഷറീഫ് പി. ഷറീഫ് മൻസിൽ, ഞാറയ്ക്കൽ, പെരിനാട്.പി.ഒ, കൊല്ലം - 691601

അഡ്വക്കേറ്റ് ജനറൽ, കേരളം, വഞ്ചിയൂർ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EP A2/ 74/ 2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ